പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1818 10.02.2020 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിൽ വിവേചനം**

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കെ.എസ്.ആർ.ടി.സി.യിൽ തലസ്ഥാന ഡിപ്പോയുടെ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്ഥാപിച്ചിരുന്ന സി.സി.ടി.വി. ഒരു തൊഴിലാളി സംഘടനയുടെ ആവശ്യാർത്ഥം എടുത്ത് മാറ്റേണ്ടതായി വന്നിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത സിസ്റ്റം വനിതാ ജീവനക്കാരെ ലക്ഷ്യം വയ്ക്കുന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ അതോ കെ.എസ്.ആർ.ടി.സി.യിൽ ലൈൻ ഡ്യൂട്ടി വിഭാഗത്തിൽ നടപ്പിലാക്കി വരുന്ന കർശനമായ തൊഴിൽ പരിഷ്കരണ നടപടികളുടെ തുടർനടപടി എന്ന രീതിയിലാണോ എടുത്ത് മാറ്റിയത് എന്ന് അറിയിക്കുമോ; | ബി) | വനിതാ ജീവനക്കാരെ ലക്ഷ്യം വയ്ക്കുന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സി.സി.ടി.വി ക്യാമറകൾ മാറ്റിയത്. |
| സി) | കെ.എസ്.ആർ.ടി.സി.യിൽ ലൈൻ ഡ്യൂട്ടിക്കാരായ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും കാര്യത്തിൽ നടത്തിയ പരിഷ്കരണ നടപടിയെന്നപോലെ ഓഫീസിന്റെ നടത്തിപ്പിലും പുനരുദ്ധാരണ പരിഷ്കരണം ആവശ്യമാണെന്ന് സുശീൽഖന്ന സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | സി) | കെ.എസ്.ആർ.ടി.സിയുടെ സമഗ്രപുനഃരുദ്ധാരണ നടപടികളാണ് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. Managerial, Administrative എന്നീ വിഭാഗങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശം ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | മിനിസ്റ്റീരിയൽ ജീവനക്കാരുടെ കാര്യത്തിൽ മാത്രം നടപടിക്ക് സർക്കാർ വിമുഖത കാട്ടുന്നതായോ ക്യാമറ സ്ഥാപിച്ച് ആരംഭിച്ച തൊഴിൽ നിരീക്ഷണ പരിഷ്കരണ രീതിയിൽ നിന്ന് പുറകോട്ട് പോകുന്നതായോ ഉള്ള ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; | ഡി) യും ഇ) യും | ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഇ) | ഒരേ സ്ഥാപനത്തിലെ രണ്ട് വിഭാഗങ്ങൾക്കിടയിൽ പരിഷ്കരണ നടപടികൾ നടപ്പാക്കുന്നതിൽ വിവേചനം കാട്ടുന്നതായ ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| എഫ്) | ഡിപ്പോയുടെ ഓഫീസിനുള്ളിൽ നിന്നും എടുത്ത് മാറ്റിയ സി.സി.ടി.വി.ക്യാമറകൾ പഴയപടി അതേ ഇടങ്ങളിലോ ഓഫീസ് നിരീക്ഷണം കുറേക്കൂടി സാധ്യമായ ഇടങ്ങളിലേക്കോ പുന:സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എഫ്) | നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**